ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി4-411/2019/CMDRF/സിഇ/തസ്വഭവ** **തീയതി. 10.01.2020**

# സർക്കുലർ

വിഷയം : തസ്വഭവ - പ്രളയത്തിൽ തകർന്ന തസ്വഭവ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണം - തുടർനടപടികൾ - സംബന്ധിച്ച്

സൂചന : സ.ഉ(കൈ)നം. 13/2020/തസ്വഭവ തീയതി 09.01.2020

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. സൂചന സർക്കാർ ഉത്തരവ് പ്രകാരം 2018, 2019-ലെ പ്രളയത്തിൽ തകർന്നതും, 14 ജില്ലകളിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും, RKI പദ്ധതിയിൽ ഉൾപ്പെടുത്താത്തതും, പുനർ നിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി Chief Minister's Local Roads Rebuild Project (CMLRRP)" പ്രകാരം 961.264 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

എന്നാൽ, അതാത് ജില്ലകളിൽ നിന്നും ഈ കാര്യാലയത്തിൽ സമർപ്പിച്ച പട്ടിക പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ഇതിനകം മറ്റ് പദ്ധതികളിൽ (പ്ലാൻ, MPLADS, MLA LAC-ADS, MLA SDF, NC-FLOOD/SDRF തുടങ്ങിയവ) ഉൾപ്പെട്ടിട്ടുണ്ടോ എന്ന് തദ്ദേശ സ്ഥാപനങ്ങൾ സൂക്ഷ്മപരിശോധന നടത്തേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവ ഏതെല്ലാം എന്ന് പരിശോധിച്ച് ബന്ധപ്പെട്ട പ്രവൃത്തികൾക്ക് നേരെ വേണ്ട രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. ടി പട്ടികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ള പ്രവൃത്തികൾ Google Proforma-യിൽ നൽകിയിട്ടുള്ള മാതൃകയിൽ വേറൊരു Excel file-ൽ തയ്യാറാക്കി ഈ കാര്യാലയത്തിലേയ്ക്ക് ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.
2) കൂടാതെ, എല്ലാ ജില്ലകളിൽ നിന്നും താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം PMGSY മാതൃകയിൽ ചെയ്യുവാൻ കഴിയുന്ന 6 പ്രവൃത്തികൾ തിരിച്ചറിഞ്ഞ് ആയത് ഏതെല്ലാമെന്ന് ഈ കാര്യാലയത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

a) Roads that had Public Transport System i.e, Bus Routes, Heavy Commercial Vehicles, Medium Commercial Vehicles.
b) Roads with connectivity to important places such as Pilgrimages, Tourism places etc.

c) Socio-economic benefits such as connectivity to villages, access to Public Institutions, Service centers like schools, hospitals, growth centers, market yards, industrial centers etc.

d) Roads connecting a link between the two rural locations, would also include connection to PWD roads, Major District roads (MDRs), Other District Roads (ODRs), roads that facilitate bye pass of vehicles during heavy traffics in the main roads.

ടി വിവരങ്ങൾ അടിയന്തിരമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് കർശന നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിനാൽ ടി വിവരങ്ങൾ **P-1065 Proforma-യിൽ രേഖപ്പെടുത്തി 20.01.2020-ാം** തീയതിയ്ക്കകം നൽകേണ്ടതാണ്.

ജില്ലാപഞ്ചായത്തിനെ സംബന്ധിക്കുന്ന രേഖപ്പെടുത്തലുകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ബ്ലോക്ക് / ഗ്രാമപഞ്ചായത്ത് എന്നിവയുടെ രേഖപ്പെടുത്തലുകൾ അതാത് ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളുടേത് അതാത് മുനിസിപ്പാലിറ്റികളിലെ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളും, കോർപ്പറേഷനുകളുടേത് അതാത് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും നടത്തേണ്ടതാണ്. മുനിസിപ്പാലിറ്റികൾ രേഖപ്പെടുത്തലുകൾ നടത്തി എന്നത് അതാത് ഉത്തര / ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും ഉറപ്പുവരുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 36